**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 174** **16-03-2022 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ മെഡിക്കൽ കോളേജുകളിലെ ഫീസ് ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ പി സി വിഷ്ണുനാഥ്** | | **null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സ്വകാര്യ മെഡിക്കൽ കോളേജുകളിലും കൽപ്പിത സർവ്വകലാശാലകളിലും അൻപത് ശതമാനം സീറ്റിൽ അതത് സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലേതിന് സമാനമായ ഫീസ് നടപ്പാക്കണമെന്ന ദേശീയ മെഡിക്കൽ കമ്മീഷൻ ഉത്തരവ് എന്നുമുതൽ കേരളത്തിൽ നടപ്പിലാക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ; | (എ) | സ്വകാര്യ മെഡിക്കൽ കോളേജുകളിലും കൽപ്പിത സർവ്വകലാശാലകളിലും അൻപത് ശതമാനം സീറ്റിൽ അതത് സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലേതിന് സമാനമായ ഫീസ് നടപ്പാക്കണമെന്ന ദേശീയ മെഡിക്കൽ കമ്മീഷൻ ഉത്തരവ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്.ടി ഉത്തരവ് എന്ന് മുതൽ നടപ്പിലാക്കണമെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ല. ഫീസ് നിർണയ സമിതി 2021 -22 അധ്യയന വർഷത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് നിർണയം ഇതിനകം പൂർത്തിയാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ MBBS പ്രവേശന നടപടികൾ നടന്നു വരികയുമാണ്. സ്വകാര്യ മെഡിക്കൽ കോളേജുകളിലും കൽപ്പിത സർവ്വകലാശാലകളിലും അൻപത് ശതമാനം സീറ്റിൽ അതത് സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലേതിന് സമാനമായ ഫീസ് നടപ്പാക്കണമെന്ന ദേശീയ മെഡിക്കൽ കമ്മീഷൻ ഉത്തരവ് എന്ന് മുതൽ നടപ്പാക്കണമെന്ന കാര്യം ഉൾപ്പടെയുള്ള കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തി നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | സർക്കാർ ക്വാട്ട അൻപത് ശതമാനത്തിൽ താഴെയുള്ള കോളേജുകളിൽ അൻപത് ശതമാനം വിദ്യാർഥികൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നതിന് സാധ്യതയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | സ്വകാര്യ മെഡിക്കൽ കോളേജുകളിലും കൽപ്പിത സർവ്വകലാശാലകളിലും അൻപത് ശതമാനം സീറ്റിൽ അതത് സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലേതിന് സമാനമായ ഫീസ് നടപ്പാക്കണമെന്ന ദേശീയ മെഡിക്കൽ കമ്മീഷൻ ഉത്തരവ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്.ടി ഉത്തരവ് എന്ന് മുതൽ നടപ്പിലാക്കണമെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ല. ഫീസ് നിർണയ സമിതി 2021 -22 അധ്യയന വർഷത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് നിർണയം ഇതിനകം പൂർത്തിയാക്കുകയും അതിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ MBBS പ്രവേശന നടപടികൾ നടന്നു വരികയുമാണ്. സ്വകാര്യ മെഡിക്കൽ കോളേജുകളിലും കൽപ്പിത സർവ്വകലാശാലകളിലും അൻപത് ശതമാനം സീറ്റിൽ അതത് സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലേതിന് സമാനമായ ഫീസ് നടപ്പാക്കണമെന്ന ദേശീയ മെഡിക്കൽ കമ്മീഷൻ ഉത്തരവ് എന്ന് മുതൽ നടപ്പാക്കണമെന്ന കാര്യം ഉൾപ്പടെയുള്ള കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തി നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | പ്രസ്തുത ഫീസ് നിരക്ക് മെഡിക്കൽ കോളേജുകളിലെ ഏതൊക്കെ കോഴ്സുകൾക്ക് ബാധകമാണെന്ന് വ്യക്തമാക്കുമോ? | (സി) | സ്വകാര്യ മെഡിക്കൽ കോളേജുകളിലും കൽപ്പിത സർവ്വകലാശാലകളിലും അൻപത് ശതമാനം സീറ്റിൽ അതത് സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലേതിന് സമാനമായ ഫീസ് നടപ്പാക്കണമെന്ന ദേശീയ മെഡിക്കൽ കമ്മീഷൻ ഉത്തരവ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്.ടി ഉത്തരവ് എന്ന് മുതൽ നടപ്പിലാക്കണമെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ല. ഫീസ് നിർണയ സമിതി 2021 -22 അധ്യയന വർഷത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് നിർണയം ഇതിനകം പൂർത്തിയാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ MBBS പ്രവേശന നടപടികൾ നടന്നു വരികയുമാണ്. സ്വകാര്യ മെഡിക്കൽ കോളേജുകളിലും കൽപ്പിത സർവ്വകലാശാലകളിലും അൻപത് ശതമാനം സീറ്റിൽ അതത് സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലേതിന് സമാനമായ ഫീസ് നടപ്പാക്കണമെന്ന ദേശീയ മെഡിക്കൽ കമ്മീഷൻ ഉത്തരവ് എന്ന് മുതൽ നടപ്പാക്കണമെന്ന കാര്യം ഉൾപ്പടെയുള്ള കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തി നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ